പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

09.07.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .6135

## മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിനുകൾ

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിയോടെ ഡീസൽ എഞ്ചിനുകൾ നൽകുന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | ഡീസൽ എഞ്ചിന്റെ വിലയുടെ 70% പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകുവാനാണ് മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള ഇന്ധന ക്ഷാമം പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ വർദ്ധിച്ചു വരുന്ന പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് സബ്സിഡിയോടുകൂടി മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് 100 എഞ്ചിനുകൾ വിതരണം ചെയ്യുന്നതിനായി പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഒരു കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ? | (സി) | ഈ പദ്ധതി തത്വത്തിൽ അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ